യാണ്. ഈ 'സ്ഥാപകപിതാ'ക്കളോട് ഇൻസ്റ്റിററ്യൂട്ടിനുള്ള കടപ്പാട് എത്രയെന്നു പറയാനാവില്ല.

എന്റെ ജീവിതത്തിലെ ധന്യതകളിലൊന്നാണ് അബ്ദുൾ ഖാദറുമായുള്ള സുദീർഘ സൗഹാർദം. എന്നോട് അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹത്തിനും വിശ്വാസത്തിനും തെളിവാണ് ആയുർവേദം, അലോപ്പതി മുതലായ ചികിത്സാസമ്പ്രദായങ്ങളിൽ വിശ്വാസമില്ലാതിരുന്നിട്ടും, തന്റെ രോഗത്തിന് ആയുർവേദ ചികിത്സ കുറെക്കാലമെങ്കിലും പരീക്ഷിച്ചുനോക്കാൻ അദ്ദേഹം സന്നദ്ധനായി എന്നത്. അദ്ദേഹവും ഞാനും ഇൻസ്റ്റിററ്യൂട്ടിൽനിന്ന് വിട്ടശേഷവും, ഇടയ്ക്കിടെ എനിക്ക് അദ്ദേഹം കത്തെഴുതാറുണ്ടായിരുന്നു. ഞാൻ മധുരയിലായിരുന്ന കാലത്തും ഈ കത്തിടപാട് തുടർന്നിരുന്നു. സാഹിത്യ അക്കാദമി അദ്ദേഹത്തിനനുവദിച്ചിരുന്നതും, ചുകപ്പുനാടക്കെട്ടുകൾ കാരണം കിട്ടാൻ ഏറ്റവും താമസിച്ചുപോയതുമായ പെൻഷൻ, മരിക്കുന്നതിനു മുമ്പ് അദ്ദേഹത്തിനു കിട്ടിയതിൽ എന്റെ എളിയ സേവനം ഉപയോഗപ്പെട്ടു എന്ന് സന്തോഷത്തോടെ ഞാൻ സ്മരിക്കുന്നു. അഭിമാനധനനായ അദ്ദേഹത്തിന്റെ സാമ്പത്തികപ്രയാസങ്ങളെപ്പററി മനസ്സിലാക്കിയ അപൂർവം ചിലരിൽ ഒരാളാണ് ഞാനും.

മനുഷ്യന്റെ മാനസികമായ വികാസത്തെ വിഷയീകരിച്ചുള്ള ഒരു മഹാഗ്രന്ഥത്തിന്റെ നിർമാണമായിരുന്നു അദ്ദേഹത്തിന്റെ ചിരകാലസ്വപ്നം. ഇതിന്റെ കൈയെഴുത്തുപ്രതി വായിച്ചുനോക്കണം എന്ന് എന്നോട് അദ്ദേഹം പലതവണ ആവശ്യപ്പെട്ടിരുന്നു. ഈ കൈയെഴുത്തുപ്രതി പൂർണമായിട്ടുണ്ടെന്നു തോന്നുന്നില്ല. ഒരു മരണാനന്തര ബഹുമതിയെന്ന നിലയിലെങ്കിലും ഈ ഗ്രന്ഥത്തിന്റെ പ്രസാധനം സാഹിത്യ അക്കാദമിപോലുള്ള ഏതെങ്കിലും സ്ഥാപനം ഏറെറടുത്തു കാണാൻ ഞാൻ ആഗ്രഹിക്കുന്നു.

വിജ്ഞാനസമ്പാദനം ജീവിതവ്രതമായി കരുതിയ ഈ ധന്യാത്മാവിന് ഒരു വിനീത സുഹൃത്തിന്റെ സ്നേഹാദരനിർഭരങ്ങളായ അന്തിമ പ്രണാമങ്ങൾ!

## 82. സി. എച്ച്. കുഞ്ഞപ്പ

മലയാളത്തിൽ പത്രപ്രവർത്തനത്തിന് അന്തസ്സും ആദരണീയതയും അർത്ഥപുഷ്ടിയും നേടിക്കൊടുത്ത അപൂർവം ചില വിശിഷ്ട വ്യക്തികളിൽ ഒരാളായിരുന്നു ജൂലൈ 16–ന് 73–ാം വയസ്സിൽ നിര്യാതനായ ശ്രീ സി. എച്ച്. കുഞ്ഞപ്പ. നീണ്ട നാല്പത്തിരണ്ടു വർഷം അദ്ദേഹം അനന്യചിന്തയോടെ ഈ രംഗത്തു പ്രവർത്തിച്ചു. സാധന എന്നോ ഉപാസന എന്നോ വിളിക്കാവുന്ന വല്ലതുമുണ്ടെങ്കിൽ, ശ്രീ കുഞ്ഞപ്പയുടെ പത്രപ്രവർത്തനം അത്തരത്തിലുള്ള ഒന്നായിരുന്നു.

പത്രപ്രവർത്തനത്തിനു സ്വയം സമർപ്പിക്കുകവഴി ശ്രീ കുഞ്ഞപ്പ അനുഷ്ഠിച്ച ത്യാഗത്തെപ്പററി എന്നോട് ആദ്യമായി പറഞ്ഞത്, എറണാകുളത്ത് മഹാരാജാസ് കോളേജിൽ അദ്ദേഹത്തിന്റെ അദ്ധ്യാപകനായിരുന്ന പരേതനായ പ്രൊഫസ്സർ പി. ശങ്കരൻ നമ്പ്യാരാണ്. ഇരുപത്തിമൂന്നാമത്തെ വയസ്സിൽ മാതൃഭൂമി സ്ഥാപനവുമായി സ്വന്തം ഭാഗധേയത്തെ എന്നേക്കുമായി ബന്ധപ്പെടുത്തുവാൻ ശ്രീ കുഞ്ഞപ്പ തീരുമാനിക്കുമ്പോൾ, സാമ്പത്തികഭദ്രത വാഗ്ദാനം ചെയ്യുന്ന ഒന്നായിരുന്നില്ല ഇന്ത്യയിലെ, വിശേഷിച്ചും കേരളത്തിലെ, പത്രപ്രവർത്തനം. നിശ്ചിതമായ പ്രവൃത്തിസമയ

മോ സേവന വ്യവസ്ഥകളോ പത്രപ്രവർത്തകർക്കുണ്ടായതാകട്ടെ പിന്നേയും ദശാബ്ദങ്ങൾ കഴിഞ്ഞാണ്. മാത്രമല്ല, മാതൃഭൂമി സ്ഥാപനത്തിലെ സേവനം, മുപ്പതുകളിലും നാല്പതുകളിലും, ഗണ്യമായ അളവിൽ ആപത് സാദ്ധ്യതകളുള്ളതുമായിരുന്നു. നിലവിലുള്ള ഗവണ്മെൻറിന് എതിരായ തുറന്ന സമരത്തിലെ ഒരു സുപ്രധാന മുന്നണിയായിരുന്നുവല്ലോ അന്ന് മാതൃഭൂമി പത്രം. അതിൻെറ പത്രാധിപരായിരിക്കുക, തീർച്ചയായും സുഖകരമായ ഒരു സംഗതിയായിരുന്നില്ല.

ഉജ്ജ്വലമായ വിദ്യാർത്ഥിജീവിതത്തിൽ തൻെറ അദ്ധ്യാപകരുടെ മുഴുവൻ സ്നേഹാഭിനന്ദനങ്ങൾ ആർജിക്കുവാൻ ശ്രീ കുഞ്ഞപ്പയ്ക്കു കഴിഞ്ഞിരുന്നു. സമ്പന്നമല്ലാതിരുന്ന കുടുംബത്തിനാകട്ടെ, അദ്ദേഹത്തിൽനിന്ന് പല പ്രതീക്ഷകളും ഉണ്ടായിരുന്നു. ഈ പശ്ചാത്തലത്തിൽ, സ്വന്തം കർമക്ഷേത്രമായി പത്രപ്രവർത്തനത്തെ അദ്ദേഹം തിരഞ്ഞെടുത്തതു് വലിയ ത്യാഗമായിരുന്നുവെങ്കിൽ, അതിനേക്കാൾ വലിയ ത്യാഗമായിരുന്നു ഇടംവലം തിരിയാതെ ആയുഷ്കാലം മുഴുവൻ പത്രപ്രർത്തനത്തിൽ ആണ്ടു മുഴുകുക വഴി അദ്ദേഹം അനുഷ്ഠിച്ചതു്.

രാഷ്ട്രീയപ്രവർത്തനത്തിലൂടെ പത്രപ്രവർത്തനത്തിലേക്കു കടന്നുവന്നവർ ഇന്ത്യയിൽ അക്കാലത്തു കുറവായിരുന്നില്ല. മറെറന്തെല്ലാം പോരായ്മകൾ ഉണ്ടായിരുന്നാലും, അനുപമമായ പ്രശസ്തിയും പൊതുജനപ്രീതിയും പത്രപ്രവർത്തനത്തിലൂടെ കൈവരിക്കാൻ അന്നു കഴിയുമായിരുന്നു. ഈ പ്രശസ്തി ഉപയോഗപ്പെടുത്തി രാഷ്ട്രീയാധികാരത്തിൻെറ പടവുകൾ ചവിട്ടിക്കയറുക വളരെ പ്രയാസമുള്ള കാര്യമായിരുന്നില്ല. പത്രമാപ്പീസിൽനിന്ന് നിയമസഭകളിലേക്കോ അവയിൽനിന്ന് മന്ത്രിസഭകളിലേക്കോ ഉള്ള പ്രയാണത്തിന് ആഗ്രഹിച്ചിരുന്നുവെങ്കിൽ, ശ്രീ കുഞ്ഞപ്പയെപ്പോലുള്ള ഒരു പ്രതിഭാശാലിക്ക് ഏറെക്കുറെ അനായാസമായിത്തന്നെ അതു സാധിക്കാമായിരുന്നു. മലബാറിലെ രാഷ്ട്രീയ പ്രവർത്തനത്തിൻെറ ഹൃദയസ്ഥാനത്തിൽത്തന്നെയായിരുന്നുവല്ലോ അദ്ദേഹത്തിൻെറ ഇരിപ്പിടം. എന്നാൽ, ഈ പ്രലോഭനത്തിനും അദ്ദേഹം വശംവദനായില്ല. സേവനമണ്ഡലം ഒരിക്കൽ തിരഞ്ഞെടുത്തതിനു ശേഷം തൻെറ മുന്നിലുള്ള വീതി കുറഞ്ഞതെങ്കിലും ഋജുവായ, പാതയിലൂടെ അദ്ദേഹം ദൃഢതയോടെ മുന്നോട്ടു പോയി. ഇടത്തോട്ടോ വലത്തോട്ടോ ഉള്ള തിരിവുകൾ, അവ മറേറതെല്ലാം സിദ്ധികളിലേക്കു നയിക്കുമായിരുന്നാലും, അവയിലൂടെ കടന്നുകയറി സിദ്ധികൾ നേടിയവരുടെ ഉദാഹരണങ്ങൾ വിരളങ്ങളല്ലാതിരുന്നപ്പോഴും, അദ്ദേഹത്തെ ആകർഷിക്കുകയുണ്ടായില്ല.

മാതൃഭൂമിയുടെ മുഖ്യപത്രാധിപർ എന്ന നിലയിൽ പ്രശസ്തമായ സേവനമാണ് അദ്ദേഹം ആദ്യകാലത്തു നിർവഹിച്ചതു്. എന്നിട്ടും, സൗകര്യം കിട്ടിയപ്പോൾ, മുൻനിരയിൽനിന്ന് പിൻവാങ്ങി രണ്ടാമത്തെ അണിയിൽ നില്ക്കുവാൻ അദ്ദേഹത്തിനു യാതൊരു മനഃക്ലേശവുമുണ്ടായില്ല. പ്രശസ്തിയുടെ പൂമുഖം മററുള്ളവർക്കു് ഒഴിഞ്ഞുകൊടുത്തു് അദ്ദേഹം പ്രവൃത്തിയുടെ മച്ചിനുള്ളിൽ ഒതുങ്ങി. 'മാന്യൻ' എന്ന വാക്കിൻെറ പൂർണമായ അർത്ഥത്തിൽ മാന്യനായിരുന്നു ശ്രീ കുഞ്ഞപ്പ. മററുള്ളവരുടെ മനസ്സിനെ വേദനിപ്പിക്കുന്ന ഒരു വാക്കോ ഒരു പ്രവൃത്തിയോ അദ്ദേഹത്തിൽനിന്ന് ഉണ്ടായിട്ടുള്ളതായി, മുപ്പതു് വർഷങ്ങൾ നീണ്ട അടുത്ത പരിചയത്തിൽ, ഞാൻ അറിഞ്ഞിട്ടില്ല. അതേ സമയത്തുതന്നെ, ശരിയെന്നു താൻ കരുതുന്ന ആദർശങ്ങളിൽനിന്ന് കടുകിട വ്യതിചലിക്കാൻ അദ്ദേഹം സന്നദ്ധനായിരുന്നുമില്ല. ഇതുകൊണ്ടുകൂടിയാണ്, പല സന്ദർഭങ്ങളിലും പറയത്തക്ക സമ്മർദ്ദമുണ്ടായിരുന്നിട്ടും മുഖ്യ പത്രാധിപസ്ഥാനം ഏറെറടുക്കാതെ സഹായക പത്രാധിപരായി അദ്ദേഹം പിന്നണിയിൽ നിലകൊണ്ടതു്. പത്രപ്രവർത്തനത്തിലോ സാഹിത്യത്തിലോ രാഷ്ട്രീയത്തിലോ വലിയ പ്രാഗ

ത്ത്യമൊന്നും അവകാശപ്പെടാനില്ലാത്ത, താരതമ്യേന നവാഗതരായ, വ്യക്തികളുടെ കീഴിൽ യാതൊരു മുറുമുറുപ്പും കൂടാതെ അദ്ദേഹം പ്രവൃത്തിയെടുത്തു. കർമത്തിൽ ആസക്തിയും അധികാരത്തിൽ അനാസക്തിയും അപൂർവം ചില വ്യക്തികളിലേ ഒത്തുകാണാൻ കഴിയൂ. അത്തരമൊരാളായിരുന്നു ശ്രീ കുഞ്ഞപ്പ.

വളരെ വിസ്തൃതമായിരുന്നു അദ്ദേഹത്തിന്റെ പാണ്ഡിത്യം. കോളേജിൽ അദ്ദേഹത്തിന്റെ മുഖ്യ പഠനവിഷയം രസതന്ത്രമായിരുന്നു. ആധുനികശാസ്ത്രത്തിൽ അന്ന് ആർജിച്ച താല്പര്യം അവസാനം വരെ അദ്ദേഹം പുലർത്തി. പരന്ന വായനയ്ക്കുള്ള അവസരം പത്രപ്രവർത്തനം അദ്ദേഹത്തിനു നല്കിപ്പോന്നു. ഇന്ത്യയുടെ ചരിത്രത്തിലും തത്ത്വചിന്തയിലും അഗാധമായ ശ്രദ്ധ അദ്ദേഹത്തിനുണ്ടായിരുന്നു. ഇതൊക്കെ അദ്ദേഹത്തെ ഉദാരമായ ഒരു സംസ്കാരത്തിന്റെ ഉടമയാക്കി. തന്റേതായ ഉറച്ച നിലപാടിൽനിന്ന് കാര്യങ്ങൾ നോക്കിക്കാണുന്നതിനുള്ള കഴിവ് ശ്രീ കുഞ്ഞപ്പയ്ക്ക് എന്നുമുണ്ടായിരുന്നു. സങ്കീർണങ്ങളായ വസ്തുതകൾ ഇഴ പിരിച്ച് പരിശോധിച്ച് അവയുടെ യാഥാർത്ഥ്യം വ്യക്തമാക്കാനുള്ള അസുലഭമായ പാടവവും അദ്ദേഹം നേടിയിരുന്നു. അദ്ധ്വാനിക്കാനുള്ള അദ്ദേഹത്തിന്റെ അസീമമായ സന്നദ്ധതയ്ക്കു നിദർശനങ്ങളാണ് മലയാളത്തിൽ അദ്ദേഹം വിവർത്തനം ചെയ്തിട്ടുള്ള മഹാഗ്രന്ഥങ്ങൾ. മൂന്നു പതിററാണ്ടുകളോളം ദിവസേന മാതൃഭൂമിയുടെ മുഖപ്രസംഗങ്ങളെഴുതുക അദ്ദേഹത്തിന്റെ ചുമതലയായിരുന്നു. ഈ ഇനത്തിൽ അദ്ദേഹം എഴുതിയിട്ടുള്ള ലേഖനങ്ങൾക്കു കണക്കില്ല. കഴഞ്ഞ പ്രശ്നങ്ങൾ അപഗ്രഥിച്ച്, കർത്തവ്യമാർഗത്തിൽ പ്രകാശം ചൊരിഞ്ഞ്, വായനക്കാരെ കർമോന്മുഖരാക്കുകയാണ് മുഖപ്രസംഗങ്ങളുടെ ലക്ഷ്യമെങ്കിൽ, മാതൃഭൂമിയുടെ മുഖപ്രസംഗങ്ങൾ ഈ ലക്ഷ്യം നിറവേററുന്നതിൽ ഏറെക്കാലം വിജയിക്കുകതന്നെ ചെയ്തിട്ടുണ്ട്. ഇതിനുള്ള പ്രശംസ, വളരെ വലിയ ഒരളവിൽ, ശ്രീ കുഞ്ഞപ്പയ്ക്കു ചേരേണ്ടതാണ്. മുഖപ്രസംഗങ്ങൾക്കു പുറമെ, സാഹിത്യവിമർശനപരമായും മററും അദ്ദേഹമെഴുതിയിട്ടുള്ള നിരവധി ലേഖനങ്ങളിലും പ്രൗഢനെങ്കിലും പ്രസന്നനായ ഒരു ഗദ്യകാരനെ നമുക്കു കാണാം.

മാതൃഭൂമി കുടുംബത്തിൽ സർവാദൃതമായ ഒരു സ്ഥാനമാണ് ശ്രീ കുഞ്ഞപ്പയ്ക്കുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം, നിശ്ശബ്ദമായിത്തന്നെ, ആരോഗ്യകരമായ ഒരു സ്വാധീനം മാതൃഭൂമിസ്ഥാപനത്തിൽ ചെലുത്തിപ്പോന്നു. അപരിമിതങ്ങളായ സ്നേഹാദരങ്ങൾ സഹപ്രവർത്തകരിൽനിന്നും സുഹൃത്തുക്കളിൽനിന്നും അദ്ദേഹത്തിനു ലഭിച്ചു. തനിക്കു കിട്ടിയതിലേറെ അദ്ദേഹം അവർക്കു തിരിച്ചു കൊടുക്കുകയും ചെയ്തു.

ശ്രീ കുഞ്ഞപ്പയുമായി പരിചയപ്പെടാൻ അവസരമുണ്ടായിട്ടുള്ളവരെല്ലാം ആ പരിചയത്തിന്റെ മധുരസ്മരണ തങ്ങളുടെ ഹൃദയത്തിന്റെ ഉള്ളറകളിൽ സൂക്ഷിച്ചു വെക്കാൻ ഇഷ്ടപ്പെടാതിരിക്കുകയില്ല. അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ സന്ദർഭം ലഭിച്ചിട്ടുള്ളവർ, തങ്ങളുടെ ജീവിതത്തിനു ധന്യത കൈവരുത്തിയ ബന്ധങ്ങളിലൊന്നായി ആ സമ്പർക്കത്തെ എന്നും വിലമതിക്കും. അദ്ദേഹത്തിന്റെ സൗഹൃദവലയത്തിൽ ഉൾപ്പെടാൻ കഴിഞ്ഞിട്ടുള്ളവർക്കാകട്ടെ, സൗമ്യമെങ്കിലും ദീപ്തമായ ആ വ്യക്തിത്വം എന്നും ആഹ്ലാദകരമായ ഒരു പ്രചോദനമായിരിക്കും.

3 ആഗസ്റ്റ്, 1982